# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 294 — 07-10-2016 ൽ മറുപടിയ്ക്ക്

## കടൽത്തീര കപ്പൽഗതാഗത വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ആർ.സുനിൽകുമാർ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. മുല്ലക്കര രത്നാകരൻ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീമതി. ഗീതാ ഗോപി | : | സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. മുഹമ്മദ് മുഹസിൻ. പി | : | |

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് കടൽത്തീര കപ്പൽഗതാഗത വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാനത്തെ തീരദേശവികസനം ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കിവരുന്നത് . നിലവിൽ റോഡ് / റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളേയും യാത്രക്കാരേയും താരതമ്യേന ചെലവ് കുറഞ്ഞ പാരിസ്ഥിതിക സൗഹാർദ്ദപരമായ ജലഗതാഗത മേഖലയിലേക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം . സംസ്ഥാന സർക്കാരിനുവേണ്ടി പദ്ധതിയെക്കുറിച്ച് പഠിച്ച മെസേഴ്സ്. ഡിലോയിറ്റ് സമർപ്പിച്ച രൂപരേഖ പ്രകാരം ചരക്ക് ഗതാഗതത്തിന്റെ 40% 2020 ഓടെയും 50% 2030 ഓടെയും ഈ മേഖലയിലേക്ക് ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ വിഴിഞ്ഞം , കൊല്ലം , കൊടുങ്ങല്ലൂർ , അഴീക്കൽ , ബേപ്പൂർ എന്നീ തുറമുഖങ്ങളാണ് ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ നേരിട്ട് വികസിപ്പിക്കുന്നത്.<br><br>കൊല്ലം തുറമുഖത്ത് ഒന്നാം ഘട്ട വികസനം എല്ലാം തന്നെ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഒരു മൾട്ടിപർപ്പസ് ബർത്തിന്റെ പണിയും , ആഴം 10 മീറ്ററായി വർദ്ധിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ ഇവിടെ കസ്റ്റംസ് ക്ലിയറൻസ് സംവിധാനവും നിലവിലുണ്ട്<br><br>ബേപ്പൂർ / അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യാനുള്ള എല്ലാ യന്ത്ര സാമഗ്രികളും സജ്ജമാക്കിയിട്ടുണ്ട്. ആഴം വർദ്ധിപ്പിക്കുന്നതിനും , കസ്റ്റംസ് ക്ലിയറൻസ് സംവിധാനം സ്ഥാപിക്കുന്നതിനും വേണ്ടനടപടികൾ സ്വീകരിച്ചുവരുന്നു. കൊടുങ്ങല്ലൂരിൽ പുതിയതായി ഒരു വാർഫ് നിർമ്മിക്കുന്നതിനും , ആഴം വർദ്ധിപ്പിക്കുന്നതിനുമായുള്ള പ്രവർത്തനം നടന്നുവരുന്നു. |

പൊതുസ്വകാര്യ പങ്കാളിത്തത്തിൽ 763 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഓൾ വെതർ പോർട്ടാണ് മെസേഴ്സ് മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് പൊന്നാനിയിൽ സ്ഥാപിക്കുന്നത്.

കോവളം - കന്യാകുമാരി , കൊച്ചി-തിരുവനന്തപുരം , കൊച്ചി - കോഴിക്കോട്, കണ്ണൂർ എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ കൊച്ചി , കോഴിക്കോട് മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിനു വേണ്ടിയുള്ള വിദേശനിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ്.

കേരളത്തിന്റെ ബീച്ചുകളെ തീരദേശ വിനോദ സഞ്ചാര കേന്ദ്രങ്ങളായി വളർത്തുന്നതിന് ആലപ്പുഴയിൽ ഒരു മറീന സ്ഥാപിക്കുന്നതിനും മറ്റിടങ്ങളിൽ വാട്ടർ സ്പോർട്ട്സ് സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) ചരക്ക് ഗതാഗതത്തിനായി വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളേയും യാത്രക്കായി വലിയതുറ, ആലപ്പുഴ, തലശ്ശേരി, കാസർഗോഡ്, പൊന്നാനി എന്നീ തുറമുഖങ്ങളേയും ബന്ധിപ്പിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ; | (ബി) തീരദേശ കപ്പൽ ഗതാഗതപദ്ധതിയുടെ ഭാഗമായി വിഴിഞ്ഞം , കൊല്ലം , കൊടുങ്ങല്ലൂർ , ബേപ്പൂർ , അഴീക്കൽ എന്നീ 5 തുറമുഖങ്ങളാണ് സംസ്ഥാനസർക്കാർ മുൻ ഗണനാക്രമത്തിൽ വികസിപ്പിച്ചുവരുന്നത് . കൊല്ലം തുറമുഖത്ത് നിലവിൽ ഒന്നാംഘട്ട വികസനപദ്ധതികൾ പൂർത്തീകരിക്കുകയും കസ്റ്റംസ് ഇ.ഡി.ഐ സംവിധാനം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br>ചരക്ക് കൈകാര്യം ചെയ്യാവുന്നവിധത്തിലുള്ള സൗകര്യങ്ങളെല്ലാം തന്നെ ബേപ്പൂർ , അഴീക്കൽ തുറമുഖങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശത്തുനിന്നും വരുന്ന ചരക്കുകൾക്ക് നേരിട്ട് ക്ലിയറൻസ് നൽകുന്നതിനാവശ്യമായ കസ്റ്റംസ് ഇ.ഡി.ഐ ടെർമിനൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>കൊച്ചി-കോഴിക്കോട്, കൊച്ചി - തിരുവനന്തപുരം മേഖലയിൽ അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കൊച്ചി-കോഴിക്കോട് മേഖലയിൽ ഉടൻ തന്നെ സർവ്വീസ് നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ് , ആലപ്പുഴ , വലിയതുറ , വെള്ളയിൽ എന്നീ തുറമുഖങ്ങളിൽ ഫ്ലോട്ടിംഗ് ജെട്ടികൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകളും പരിശോധിച്ചുവരുന്നു. |

(സി) ചരക്ക് ഗതാഗതത്തിന് അനുയോജ്യമായ മാർഗ്ഗം എന്ന നിലയിൽ കടൽമാർഗ്ഗം ചരക്കു ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ?

(സി) തീരദേശ കപ്പൽ ഗതാഗതത്തിന്റെ വികസനത്തിനു വേണ്ടി നിലവിൽ ചെറുകിട തുറമുഖങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ തീരദേശകപ്പൽ ഗതാഗതം വർദ്ധിപ്പിക്കാനായി രൂപ 1/ടൺ / കി. മീറ്റർ എന്ന നിരക്കിൽ സർക്കാർ ഇൻസെന്റീവ് നൽകി വരുന്നുണ്ട് . അതുകൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ തീരദേശചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ഫെയർ 50% ഇളവ് അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**